**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4845** **01-11-2021 - ൽ മറുപടിയ്ക്ക്**

**ലോകമേ തറവാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് അന്തർദേശീയ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അന്തർദേശീയ വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന കേരളത്തിലെ പ്രധാന കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്. തിരുവനന്തപുരം കോവളം വർക്കല ആലപ്പുഴ കൊച്ചി/ഫോർട്ട് കൊച്ചി കുമരകം മൂന്നാർ തേക്കടി |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി സംസ്ഥാന സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (ബി) | വിദേശ - ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ പ്രവൃത്തികളും, ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി മാലിന്യനിർമ്മാർജ്ജനവും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയിലെറ്റുകൾ നിർമ്മിക്കാൻ വേൾഡ് ക്ലാസ്സ് ടോയിലറ്റ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതു പ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | അന്തർദ്ദേശീയ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ച ആലപ്പുഴ വിനോദസഞ്ചാര പൈതൃക പദ്ധതിയുടെ ഭാഗമായി പൈതൃക മ്യൂസിയത്തിൽ ഒരുങ്ങുന്ന ലോകമേ തറവാട് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | "ലോകമേ തറവാട്" എന്ന എക്സിബിഷൻ കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേനയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഈ എക്സിബിഷനിൽ കേരളീയരായ 256 ആർട്ടിസ്റ്റുകളുടെ പ്രദർശനമാണ് നടന്നു വരുന്നത്. 2021 നവംബർ 30-ാം തീയതി പ്രദർശനം അവസാനിക്കും. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റിനുവേണ്ടി നവീകരണം പൂർത്തിയാക്കിയിട്ടുള്ള ന്യൂ മോഡൽ കയർ സൊസൈറ്റി, കയർ കോർപ്പറേഷൻ ബിൽഡിംഗ്, കയർഫെഡ് എന്നീ കെട്ടിടങ്ങളിലാണ് ഈ പ്രദർശനം നടന്നു വരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് പൗരാണിക കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും അനുബന്ധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം സാധ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | (സി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ